കാങ്കോൽ ആലപ്പടമ്പ ഗ്രാമ പഞ്ചായത്ത്

ബജറ്റ് 2026-27

കാങ്കോൽ ആലപ്പടമ്പ ഗ്രാമപഞ്ചായത്തിന്റെ 2026-27 വർഷത്തെ ബജറ്റാണ് നിങ്ങളുടെ മുമ്പാകെ അവതരിപ്പിക്കപ്പെടുന്നത്. 2026 ഡിസംബർ 21 ന് നിലവിൽ വന്ന ഭരണസമിതിയുടെ ആദ്യ ബജറ്റാണ് ഇത്. പതിനാലാം പഞ്ചവത്സര പദ്ധതിയിലെ അവസാനത്തെ ബജറ്റുമാണ്.

2026 ഏപ്രിൽ 1 മുതൽ 2027 മാർച്ച് മാസം 31 ന് അവസാനിക്കുന്ന സാമ്പത്തിക വർഷം കാങ്കോല് ആലപ്പടമ്പ ഗ്രാമപഞ്ചായത്ത് പ്രതിക്ഷിക്കുന്ന വരവുകളും ചെലവുകളും യാഥാർത്ഥ്യ ബോധത്തോടെയും സൂക്ഷ്മതയോടെയും തയ്യാറാക്കിയ ബജറ്റാണ് നിങ്ങളുടെ മുമ്പാകെ അവതരിപ്പിക്കുന്നത്. ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിന് ലക്ഷ്യം വെച്ച്, കണ്ടെത്താൻ കഴിയുന്ന പരമാവധി വിഭവങ്ങളും അവ ലഭ്യമാകുന്ന വിഭവസ്രോതസ്സുകളും ഇനം തിരിച്ച് ഇവിടെ ചേർത്തിരിക്കുന്നു.

പഞ്ചായത്തിന്റെ ധനസ്ഥിതി അവലോകനം

1952 ൽ അന്നത്തെ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. എം.വി.എം.കുഞ്ഞിവിഷ്ണു നമ്പീശൻ ഇന്ത്യയുടെ ആദ്യപ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിൽ നിന്നും അവാർഡ് ഏറ്റുവാങ്ങിയ പാരമ്പര്യമുള്ള പഞ്ചായത്തിനെ പിന്നിട് സംസ്ഥാനത്തെ തന്നെ ഏറ്റവും മികച്ച പഞ്ചായത്തിനുള്ള സ്വരാജ് ട്രോഫി, ദേശീയതലത്തിൽ നിർമ്മൽ പുരസ്കാരം, ആരോഗ്യ മേഖലയിലെ മികച്ച പ്രവർത്തനത്തിന് മാത്തില് കുടുംബാരോഗ്യ കേന്ദ്രത്തിന് ദേശിയ തലത്തിലെ NQAS പുരസ്ക്കാരം, കുണ്ടയംകൊവ്വൽ ആയുർവേദ ആശുപത്രിക്ക് NABH അവാർഡ് , ജൈവവൈവിധ്യ അവാർഡ്, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ മികച്ച പ്രവർത്തനത്തിനുള്ള മഹാത്മാ അവാർഡ് ഉൾപ്പെടെയുള്ള പുരസ്കാരങ്ങൾ തേടിയെത്തുകയുണ്ടായി.

കാർഷിക മേഖലയിൽ അധിഷ്ഠിതമായ സമ്പദ് വ്യവസ്ഥയും കൃഷി ഉപജിവന ഉപാധിയാക്കി മുന്നോട്ടു കൊണ്ടു പോകുന്നതുമായ

പ്രദേശമാണ് കാങ്കോൽ ആലപ്പടമ്പ. സാമ്പത്തിക ശേഷിയിൽ അറുപത് ശതമാനവും കാർഷിക മേഖലയെ ആശ്രയിക്കുന്നതു കൊണ്ട് തന്നെ ഉല്പാദന മേഖലയില് ഊന്നിക്കൊണ്ട് വികസനപദ്ധതികളെ രൂപപ്പെടുത്തിയെടുക്കുക എന്ന ഭാരിച്ച ഉത്തരവാദിത്തമാണ് പഞ്ചായത്തിന് ഏറ്റെടുക്കാനുള്ളത്. പഞ്ചായത്തിന്റെ മഹിതമായ കാർഷിക പാരമ്പര്യത്തിന് തുടർച്ച നൽകുന്നതിന് ഉൽപാദന മേഖലയിൽ ഉയർന്ന പ്രാധാന്യം നൽകി സേവന അടിസ്ഥാനസൗകര്യ വികസന മേഖലകളിലും തുല്യ പരിഗണന നൽകിക്കൊണ്ടുള്ള ധനവിനിയോഗമാണ് 2026-27 ലക്ഷ്യമിടുന്നത്.

പഞ്ചായത്തിന്റെ വികസനപദ്ധതികളും ദൈനംദിന ചെലവുകളും മറ്റു അനിവാര്യ ചുമതലകളും നിറവേറ്റുന്നതിന് സർക്കാർ ഗ്രാന്റുകളും, പഞ്ചായത്തിന്റെ തനതു വരുമാനവും മാത്രമാണ് വിനിയോഗിച്ചു വരുന്നത്. ഗ്രാന്റുകളിൽ സംസ്ഥാന സർക്കാർ ബജറ്റിലൂടെ പ്രഖ്യാപിക്കുന്ന വികസന ഫണ്ട് (ജനറൽ), വികസന ഫണ്ട് (എസ്.സി.പി), ധനകാര്യകമ്മീഷൻ ഗ്രാന്റ്, റോഡ് അറ്റകുറ്റപ്പണി ഗ്രാന്റ്, നോൺ റോഡ് അറ്റകുറ്റപ്പണി ഗ്രാന്റ്, ജനറൽ പർപ്പസ് ഗ്രാന്റ് എന്നിവയും പുറമെ ഡിപ്പാർട്ട്മെന്റ് ഫണ്ടുകൾ എന്നിവയും വിവിധ കേന്ദ്ര സംസ്ഥാന ഗ്രാന്റുകളും ജില്ലാ പഞ്ചായത്തും, ബ്ലോക്ക് പഞ്ചായത്തും സംയുക്ത പ്രൊജക്ടുകൾക്ക് അനുവദിക്കുന്ന തുകയും ഉൾപ്പെടുന്നു.

പഞ്ചായത്തിന്റെ തനതു വരുമാനത്തിന്റെ പ്രധാന ഇനം കെട്ടിടനികുതി, തൊഴിൽ നികുതി, കച്ചവട ലൈസൻസ് ഫീസ് എന്നിവയ്ക്കൊപ്പം പഞ്ചായത്ത് കോമ്പൗണ്ടിൽ തന്നെയുള്ള ഓഡിറ്റോറിയത്തിൽ നിന്നുമുള്ള വരുമാനം എന്നിവയിലൂടെയാണ്. ഇവയ്ക്കു പുറമെ കെട്ടിടനിർമ്മാണ അനുമതി ഫീസ്, ലേലം വരവ്, സിവിൽ രജിസ്ട്രേഷൻ വരവ് എന്നിവയും തനതു വരുമാനത്തിലെ പ്രധാന ഇനങ്ങളാണ്. സർക്കാർ പഞ്ചായത്തുകൾക്ക് അനുവദിച്ച ഒട്ടുമിക്ക വരുമാന സ്രോതസ്സുകളും കാങ്കോൽ ആലപ്പടമ്പ പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് മുതൽകൂട്ടാക്കാൻ പഞ്ചായത്ത് ശ്രമിച്ചിട്ടുണ്ട്. ജനങ്ങളിൽ അധികമായ സാമ്പത്തിക ഭാരം ഏൽപ്പിക്കാതിരിക്കുക എന്ന പഞ്ചായത്തിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർവ്വീസ് നികുതികൾ, യൂസർ

ചാർജുകൾ, അപേക്ഷ ഫോറം വിലകൾ എന്നിവ പഞ്ചായത്ത് വരുമാനത്തിൽ നിന്നും ഒഴിവാക്കിയ ഇനങ്ങളാണ്.

ജനങ്ങൾക്ക് സാമ്പത്തിക ഭാരം അനുഭവപ്പെടാതെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന് വികസന പദ്ധതികളുടെ ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതവും പഞ്ചായത്തിന്റെ വികസനത്തിൽ തത്പരരായവരിൽ നിന്നും സംഭാവനകൾ സ്വീകരിക്കുന്നതു വഴി തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സൂചകങ്ങൾ ബജറ്റിനോടൊന്നിച്ച് അവതരിപ്പിക്കുന്നു.

പഞ്ചായത്തിന്റെ തനതു വരുമാനത്തിൽ മുതൽക്കൂട്ടാകേണ്ട മുഴുവൻ നികുതികളും ഫീസുകളും അടക്കേണ്ടവരുടെ മേൽ ചുമത്തപ്പെടുന്നു എന്നും ചുമത്തപ്പെട്ടവ മുഴുവനായും പിരിച്ചെടുക്കപ്പെടുന്നു എന്നും ഉറപ്പു വരുത്തുന്നുണ്ട്. നികുതികളും ഫീസുകളും നൂറു ശതമാനവും പിരിച്ചെടുക്കുന്ന കാര്യത്തിലും അതീവ ജാഗ്രത പുലർത്തുന്ന പഞ്ചായത്ത് കൂടിയാണ് കാങ്കോൽ ആലപ്പടമ്പ.

2026-27 സാമ്പത്തിക വർഷത്തിൽ എല്ലാ വിധ വിഭവ സ്രോതസ്സിൽ നിന്നും ലഭ്യമാകുന്ന 235440000 രൂപയും പ്രാരംഭ ബാക്കി 15105115 രൂപയും കൂടി ആകെ 250545115 രൂപ വരവും 247086859 രൂപ ചെലവും 3458256 രൂപ മിച്ചവും പ്രതീക്ഷിക്കുന്നു.

പഞ്ചായത്തിന്റെ ദൈനംദിന ഭരണച്ചെലവുകളും, സ്ഥാപനച്ചെലവുകളും വഹിക്കുന്നതിന് പര്യാപ്തമായതും വികസന പ്രവർത്തനങ്ങൾക്ക് കൂടി വിനിയോഗിക്കാൻ സാധിക്കുന്ന തരത്തിൽ യഥേഷ്ടം തനതു വരുമാനം ലഭ്യമാകുന്നില്ലെന്നത് പലപ്പോഴും ഒരു പ്രതിസന്ധിയായി നിലനിൽക്കുന്നുണ്ടെങ്കിലും കഴിഞ്ഞ വർഷങ്ങളിൽ സൂക്ഷ്മമായ സാമ്പത്തിക ആസൂത്രണത്തിലൂടെ സാധ്യമാക്കിയ അനുകൂല സാഹചര്യം നിലനിർത്താനും കൂടുതൽ സാധ്യതകൾ കണ്ടെത്താനുമുള്ള ചില നിർദ്ദേശങ്ങൾ ഈ ബജറ്റിൽ മുന്നോട്ട് വെക്കുന്നുണ്ട്.

ബജറ്റിലെ ശ്രദ്ധാകേന്ദ്രങ്ങൾ

ധനസ്ഥിതി അവലോകനത്തിൽ സൂചിപ്പിച്ചതു പോലെ പഞ്ചായത്തിന്റെ വരവിനത്തിൽ പ്രധാനമായും സംസ്ഥാന സർക്കാർ ബജറ്റിന്റെ ഭാഗമായി അനുവദിക്കുന്ന ഫണ്ടുകളും ഗ്രാന്റുകളും കേന്ദ്ര ഗവൺമെന്റിന്റെ ഗ്രാന്റുകളും തന്നെയാണ്. ഇത്തരം ഗ്രാന്റുകളും ധനസഹായങ്ങളും ഉപാധികൾക്ക് വിധേയമായി മാത്രമെ വിനിയോഗിക്കാൻ കഴിയുകയുള്ളൂ. കേന്ദ്ര സർക്കാർ ധനസഹായങ്ങൾ, സംസ്ഥാന സർക്കാർ ഗ്രാന്റുകളായ വികസന ഫണ്ട് - പ്രത്യേക ഘടക പദ്ധതി, അറ്റകുറ്റപ്പണി ഗ്രാന്റുകൾ എന്നിവയും മറ്റു പ്രത്യേക ധനസഹായങ്ങളും ചെലവഴിക്കുന്നതിന് നിയന്ത്രണങ്ങളും, നിർദ്ദേശങ്ങളും ബാധകമാണ്. കൂടാതെ യഥേഷ്ട അനുമതിയുള്ള വരവിനങ്ങളില് നിന്നും സർക്കാർ നിർദ്ദേശ പ്രകാരം നിർബന്ധമായും വകയിരുത്തേണ്ട മേഖലകൾ കൂടി ഉണ്ട്. സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഗ്രാന്റുകൾ സംസ്ഥാന ബജറ്റിൽ ഉൾപ്പെട്ടതിനാൽ അവ അങ്ങനെ തന്നെ ഈ ബജറ്റിന്റെ ഭാഗമാക്കിയിരിക്കുന്നു. പഞ്ചായത്ത് ബജറ്റിൽ 3500 ഗുണഭോക്താക്കൾക്കായി സാമൂഹ്യ ക്ഷേമപെൻഷനുകളുടെ വിതരണ ഇനത്തിൽ തുക ഉൾക്കൊള്ളിച്ചിട്ടുണ്ട്. സ്ത്രീ സുരക്ഷാ പെൻഷൻ ഇനത്തില് 817 ഗുണഭോക്താക്കൾക്ക് പെൻഷൻ നൽകിയിട്ടുണ്ട്. കൂടുതൽ അപേക്ഷകൾ പരിഗണനയിലുമാണ്.

വരുമാന വർദ്ധനവ് ലക്ഷ്യമാക്കി ഓഡിറ്റോറിയം ആകർഷകമാക്കാൻ ഈ വർഷം 10 ലക്ഷം രൂപ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ പ്രധാന വിനോദ സഞ്ചാരകേന്ദ്രമായ ഹരിതീർത്ഥക്കര വെള്ളച്ചാട്ടം പ്രധാന ടൂറിസം കേന്ദ്രമായി വളർന്നു വരികയാണ്. ഇതിന്റെ വികസനത്തെ ലക്ഷ്യമാക്കി ഒരു കോടി രൂപയുടെ ഡി.പി.ആർ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ഡിടിപിസി അംഗീകാരം ലഭിക്കുന്നതിനായി ശ്രമിച്ച് വരികയാണ്. അംഗീകാരം ലഭിക്കുന്നതോടെ പഞ്ചായത്തിന് വരുമാന വർദ്ധനവ് ഉണ്ടാകുമെന്നതില് നിസ്തർക്കമായ കാര്യമാണ്.

പട്ടണവൽക്കരണത്തിന്റെ സ്വഭാവം വലിയ തോതിൽ നടക്കുന്നില്ലെങ്കിലും പഞ്ചായത്തിലെ പ്രധാന ടൗണുകളായ മാത്തിൽ,

കാങ്കോൽ, ചൂരൽ തുടങ്ങിയവ സൗന്ദര്യവത്കരണം അടക്കമുള്ള കാര്യത്തിൽ ഒരു മാതൃകയായി മുന്നിൽ നിൽക്കുന്നു.

തൊഴിൽ നികുതിയിൽ കാലാനുസൃതമായ മാറ്റം വരുത്താത്തതിനാൽ പഞ്ചായത്തിന് അർഹതപ്പെട്ട വലിയ ഒരു വരുമാനം ലഭിക്കാത്ത ഒരു സാഹചര്യം നിലവിലുണ്ട്. സർക്കാറിന്റെ ഭാഗത്തു നിന്നും മേൽ വിഷയത്തിൽ ആവശ്യമായ ഭേദഗതികൾ വരുന്നതോടു കൂടി ഈ ഇനത്തിൽ വൻവരുമാനം വരും വർഷങ്ങളില് ന്യായമായും പ്രതീക്ഷിക്കാം. മറ്റു വരുമാന ഇനങ്ങളിലും പൊതു സാമ്പത്തിക വളർച്ചയുടെ ഭാഗമായി ആനുപാതികമായ വർദ്ധനവ് വരുത്തിയിരിക്കുന്നു.

സംസ്ഥാനത്തെ ആകെ പഞ്ചായത്തുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിലൊന്നായി കില യുടെ പഞ്ചായത്ത് ലേർണിങ്ങ് സെന്റർ ആയി നമ്മുടെ പഞ്ചായത്ത് ഉയർത്തപ്പെട്ടതിന്റെ സന്തോഷവും ഈ അവസരത്തിൽ പങ്കു വെക്കട്ടെ. ആയതിന്റെ ഭാഗമായുള്ള മെച്ചപ്പെട്ട തുടർപ്രവർത്തനങ്ങൾ നമ്മുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതുണ്ട്.

പഞ്ചായത്തിന് ലഭ്യമാകുന്ന പരമാവധി വിഭവങ്ങൾ കണക്കിലെടുത്തുകൊണ്ട് 2026-27 വാർഷിക പദ്ധതി തയ്യാറാക്കി വികസന സെമിനാർ ചേർന്ന് പദ്ധതി നിർദ്ദേശങ്ങൾ അന്തിമമാക്കിയ സാഹചര്യത്തിൽ 2026-27 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പ്രൊജക്ടുകൾ പൂർണ്ണമായും ബജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. പദ്ധതി രേഖയിൽ ചൂണ്ടിക്കാണിച്ച വികസന നയസമീപനത്തോടെ തന്നെയാണ് ബജറ്റും തയ്യാറാക്കിയിട്ടുള്ളത്.

സേവനമേഖല

ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ട മുഴുവൻ പേർക്കും വീട് അനുവദിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ആകെ വീടുകളിൽ 154 എണ്ണം പണി പൂർത്തിയാക്കി ബാക്കി 12 എണ്ണം പ്രവർത്തന പുരോഗതിയിലാണ്. പി എം എ വൈ പദ്ധതി പ്രകാരം 17 പേർക്കു കൂടി ലഭിക്കുന്നതോടെ സംസ്ഥാന ഗവൺമെന്റിന്റെ അഭിമാന പദ്ധതിയായ അതിദാരിദ്ര്യമുക്ത സംസ്ഥാനം എന്ന പദ്ധതിയുടെ

ഭാഗമായി നമ്മുടെ പഞ്ചായത്തിനേയും അതിദാരിദ്ര്യ മുക്ത പഞ്ചായത്തായി പ്രഖ്യാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ 3 വർഷക്കാലമായി പഞ്ചായത്തിൽ നാം നടത്തിയ പ്രവർത്തനത്തിന്റെ ഭാഗമായി പഞ്ചായത്തിനെ മാലിന്യമുക്ത പഞ്ചായത്തായി പ്രഖ്യാപിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഈ നേട്ടം നിലനിർത്താൻ നമുക്ക് സാധിക്കണം.

പഞ്ചായത്തിന്റെ സ്വപ്ന പദ്ധതികളിലൊന്നായ ഹരിതീർത്ഥക്കര □ടൂറിസം പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടം ടോയ് ലെറ്റ് കം കോംപ്ലക്സ് നിർമ്മാണം അനുമതി ലഭിക്കുന്നതിനായി ഇടപെട്ട് വരികയാണ്. കാലങ്ങളായി പഞ്ചായത്തിന് പരിഹരിക്കാൻ കഴിയാതെപോയ മാത്തിൽ പട്ടണത്തിൽ പൊതുശൌചാലയം ഇപ്പോൾ യാഥാർത്ഥ്യമായി വരികയാണ്. എത്രയുംവേഗം നാടിന് സമർപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. വർദ്ധിച്ച് വരുന്ന ലഹരി ഉപയോഗത്തിനെതിരായി വിപുലമായ ബോധവൽക്കരണ പരിപാടി സാംസ്കാരിക സംഘടനകളെ യോജിപ്പിച്ച്കൊണ്ട് നടന്നുവരുന്നു. ഈ ശ്രമം ഇനിയും തുടരേണ്ടതുണ്ട്.

മാലിന്യമുക്തം നവകേരളം ലക്ഷ്യമിട്ട് ഹരിതകർമ്മസേനയുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വീടുകളിലും സ്ഥാപനങ്ങളിലും റിംഗ് കമ്പോസ്റ്റ് സ്ഥാപിക്കുന്നതടക്കമുള്ള പദ്ധതികൾ നടപ്പ് വർഷവും തുടരുന്നതിനും ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. മാലിന്യം പൊതു ഇടങ്ങളിൽ നിക്ഷേപിക്കുന്നത് കർശനമായി തടയുകയും മാലിന്യം നിക്ഷേപിച്ചവർക്കെതിരെ കർശനമായി നിലപാട് കൈക്കൊള്ളുകയും ചെയ്യും. എം.സി.എഫിന് അധിക സൗകര്യമേർപ്പെടുത്തുന്നതിനും പദ്ധതി ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. മാലിന്യം നിക്ഷേപിക്കുന്നതിനെതിരായി സുരക്ഷിതത്വത്തിന്റെ ഭാഗമായും ഘടക സ്ഥാപനങ്ങളിലും പൊതു ഇടങ്ങളിലും സി സി ടി വി സ്ഥാപിക്കാനുള്ള പദ്ധതിയും ബജറ്റ് വിഭാവനം ചെയ്യുന്നു.

ആരോഗ്യമേഖലയിൽ കാൻസർ നിയന്ത്രണ പരിപാടിക്കും പാലിയേറ്റിവ് കെയറിനും തുക ഉൾക്കൊള്ളിച്ചിട്ടുണ്ട്. ലഹരി വിമുക്ത ഗ്രാമം ലക്ഷ്യമിട്ട് ജീവിതമാണ് ലഹരി, ലഹരിയല്ല ജീവിതം

എന്ന പേരിൽ പദ്ധതി ഈ വർഷവും തുടരുന്നതാണ്. കുട്ടികൾക്ക് നീന്തലിനും കായിക പരിശീലനത്തിനും തുക വകയിരുത്തിയിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ ശ്രദ്ധേയമായ പദ്ധതിയായ ഭിന്നശേഷി കുട്ടികളുടെ കലാപരിപാടി ഇക്കുറിയും പദ്ധതിയുടെ ഭാഗമാണ്. സ്വയംതൊഴിൽ സംരംഭം നടത്തുന്നതിനായി വനിതാ ഗ്രൂപ്പുകൾക്കും ഭിന്നശേഷി വിഭാഗക്കാർക്കും തുക മാറ്റി വെച്ചിട്ടുണ്ട്.

വയോജനങ്ങളെ ചേർത്തുപിടിക്കുന്നതിന്റെ ഭാഗമായി അവര്ക്ക് താങ്ങായി നിൽക്കുന്ന ഏറ്റവും ശ്രദ്ധേയമായ ഒരു പദ്ധതിയാണ് പകൽവീട് എന്നത്. മാത്തിൽ ആസ്ഥാനമായി പകൽവീട് പ്രാവർത്തികമാക്കാനുള്ള പദ്ധതി ബജറ്റ് വിഭാവനം ചെയ്യുന്നു.

ഉൽപാദന മേഖല

കണ്ണൂർജില്ലയിലെ പ്രധാന പാടശേഖരങ്ങള് ഉൾക്കൊള്ളുന്നതാണ് കാങ്കോൽ ആലപ്പടമ്പ . നെൽകൃഷി വികസനത്തില് പ്രാധാന്യം നൽകുന്ന രീതി എല്ലാ വർഷവും നാം തുടരുന്നുണ്ട്. ഈ ബജറ്റിലും ഭക്ഷ്യ സ്വയംപര്യാപ്തത എന്ന വിശാലമായ കാഴ്ചപ്പാടോടെ നെൽകൃഷി ചെയ്യുന്ന കർഷകർക്ക് പരമാവധി പ്രോൽസാഹനം നൽകുക എന്ന നയം ബജറ്റ് മുന്നോട്ട് വെക്കുന്നുണ്ട്. മുട്ടഗ്രാമം പദ്ധതി, കന്നുകുട്ടി പരിപാലനം , കറവപ്പശു വളർത്തൽ, പാൽ ഉൽപാദന ബോണസ്, പച്ചക്കറി തൈ വിതരണം, പയർ വർഗ്ഗകൃഷി എന്നീ പദ്ധതികൾ ഈ ബജറ്റ് മുന്നോട്ട് വെക്കുന്നുണ്ട്.

ജൈവവൈവിദ്ധ്യ സംരക്ഷണത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് കുറുന്തോട്ടി , ചെത്തി, തുളസി ഗ്രാമം എന്ന പദ്ധതി ബജറ്റ് വിഭാവനം ചെയ്യുന്നു.

പശ്ചാത്തല മേഖല

വികസന പ്രക്രിയയിൽ ഏറെ പങ്കു വഹിക്കുന്ന മേഖലയാണ് പശ്ചാത്തല സൗകര്യങ്ങൾ. നാടിന്റെ നാഡിഞരമ്പുകളാണ് റോഡുകളും പാതകളും. പശ്ചാത്തല മേഖലയിൽ നമുക്ക് വലിയ മുന്നേറ്റം ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പുതിയ റോഡുകളും പാലങ്ങളും നിലവിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണിയും റോഡുകളുടെ സംരക്ഷണത്തിനുമായി ആവശ്യമായ തുക ബജറ്റിൽ

വകയിരുത്തിയിരിക്കുന്നു. പഞ്ചായത്ത് ഓഫിസ് നവീകരണവും വിവിധ അംഗൻവാടികളുടെ തുടര് നവീകരണങ്ങൾക്കുമായി തുക വകയിരുത്തിയിട്ടുണ്ട്. ഇതിനോടൊപ്പം ഗ്രാമസഭകളിൽ നിന്നും ഉയർന്ന് വന്ന പ്രധാന ആവശ്യമെന്ന നിലയിൽ എല്ലാ വാർഡുകളിലും പരിമിതമായെങ്കിലും സ്ട്രീറ്റ് ലൈൻ വലിക്കുന്നതിനും പരിപാലനത്തിനുമായി 20 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

പഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യം വെക്കുന്നതും സർവ്വ തലങ്ങളും കോർത്തിണക്കിയതുമായ 3458256 രൂപയുടെ മിച്ചം കണക്കാക്കുന്ന ബജറ്റ് പഞ്ചായത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

വിശദമായ ബജറ്റ് കണക്കുകൾ ചുവടെ പട്ടികപ്പെടുത്തിയിരിക്കുന്നു.

| | | |
|---|---|---|
| കാങ്കോൽ ആലപ്പടമ്പ ഗ്രാമപഞ്ചായത്ത് | | |
| | 2026-27 വാർഷിക ബജറ്റ് | |
| | പ്രതീക്ഷിത വരവ് | |
| | പ്രാരംഭ ബാക്കി | **1,51,05,115** |
| 1 | നികുതി വരുമാനം | 1,02,00,000 |
| 2 | നികുതിയേതര വരുമാനം | 80,63,000 |
| | ആകെ | **1,82,63,000** |
| 1 | ജനറൽ പർപ്പസ് ഫണ്ട് | 1,67,09,000 |
| | ആകെ തനത് വരവ് | **3,49,72,000** |
| | റവന്യൂ വരവുകൾ | |
| 1 | വികസന ഫണ്ട് ജനറൽ | 2,39,03,000 |
| 2 | വികസന ഫണ്ട് എസ്.സി.പി. | 34,08,000 |
| 3 | വികസന ഫണ്ട് ടി.എസ്.പി | 1,60,000 |
| 4 | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 3,22,86,000 |
| 5 | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 1,26,88,000 |
| 6 | ജില്ലാപഞ്ചായത്ത് വിഹിതം | 80,00,000 |
| 7 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 70,00,000 |
| 8 | ഗുണഭോക്തൃവിഹിതം | 35,00,000 |
| 9 | ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 5,30,85,000 |
| 10 | സാമൂഹ്യ ക്ഷേമപെൻഷനുള്ള വിഹിതം | 7,81,00,000 |
| 11 | സംയോജിത ശിശുവികസന പദ്ധതി | 12,00,000 |
| 12 | ധനകാര്യ കമ്മീഷൻ വിഹിതം | 78,35,000 |
| 13 | ഹെൽത്ത് ഗ്രാന്റ് | 30,08,000 |
| 14 | ശുചിത്വ ഗ്രാന്റ് | 5,00,000 |
| 15 | സംസ്ഥാനാവിഷ്കൃത വിഹിതം | 7,67,000 |
| | ആകെ വരവ് | **23,54,40,000** |
| | ആകെ പ്രതീക്ഷിത വരവും പ്രാരംഭബാക്കിയും | **25,05,45,115** |
| | പ്രതീക്ഷിത ചെലവ് വിവരം | |
| 1 | ജീവനക്കാര്യത്തിലേക്കുള്ള ചെലവുകൾ | 2,09,95,000 |
| 2 | ഭരണ ചെലവുകൾ | 36,65,000 |
| 3 | സംരക്ഷണവും നടത്തിപ്പും ആകെ ചെലവ് | 31,20,000 |
| 4 | പലിശയും അനുബന്ധ ചെലവുകളും | 78,000 |
| | അനിവാര്യ ചെലവുകൾക്ക്- ആകെ. | **2,78,58,000** |

| | പദ്ധതി ചെലവുകൾക്ക് വേണ്ടിയുള്ള വകയിരുത്തലുകൾ | |
|---|---|---|
| | **ഉൽപ്പാദനമേഖല** | |
| 1 | കൃഷിയും അനുബന്ധമേഖലയും -നെൽകൃഷി | 47,00,000 |
| 2 | കൃഷിയും അനുബന്ധ മേഖലകളും മറ്റ് വിളകൾ | 4,35,000 |
| 3 | കുറുന്തോട്ടി ചെത്തി ഗ്രാമം | 2,00,000 |
| 4 | കൃഷി പച്ചക്കറികൃഷി നല്ല ഭക്ഷണം നല്ല ആരോഗ്യം | 1,83,000 |
| 6 | മൃഗസംരക്ഷണം പശുവളർത്തൽ | 5,40,000 |
| 8 | മൃഗസംരക്ഷണം മുട്ട കോഴിവളർത്തൽ | 3,00,000 |
| 9 | മൃഗസംരക്ഷണം-പശ്ചാത്തല സൌകര്യങ്ങൾ | 3,00,000 |
| 10 | മൃഗസംരക്ഷണം രോഗനിയന്ത്രണം | 1,00,000 |
| 11 | ക്ഷീര വികസനം സംഭരണവും വിപണനവും | 26,00,000 |
| 12 | ചെറുകിട വ്യവസായവും സൂക്ഷ്മസംരംഭവും | 11,00,000 |
| 13 | വ്യവസായ പരിശീലന പരിപാടികൾ | 3,00,000 |
| 14 | മണ്ണ് ജല സംരക്ഷണം | 20,10,000 |
| | **ഉൽപ്പാദനമേഖല ആകെ** | **1,27,68,000** |
| | **സേവന മേഖല** | |
| 1 | സാക്ഷരത തുല്യത | 1,00,000 |
| 2 | യുവജനക്ഷേമം | 3,50,000 |
| 3 | പ്രി പ്രൈമറി വിദ്യാഭ്യാസം | 3,00,000 |
| 4 | പ്രൈമറി വിദ്യാഭ്യാസം | 8,10,000 |
| 5 | സർവ്വശിക്ഷ അഭിയാനും മറ്റു വിദ്യാഭ്യാസ പരിപാടികളും | 5,00,000 |
| 6 | കല, കായികം | 3,00,000 |
| 7 | ഹെൽത്ത് സെന്ററുകൾ, ഡിസ്പെൻസറികൾ | 5,00,000 |
| 8 | പൊതു ആരോഗ്യ പരിപാടി | 7,00,000 |
| 9 | മരുന്നുകൾ | 25,00,000 |
| 10 | കുടിവെള്ളം | 4,00,000 |
| 11 | ശുചിത്വം | 15,00,000 |
| 12 | ഭവന നിർമ്മാണം | 51,00,000 |
| 13 | വൃദ്ധക്ഷേമപദ്ധതികൾ | 15,00,000 |
| 14 | ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പദ്ധതികൾ | 15,00,000 |
| 15 | അഗതി ക്ഷേമ പരിപാടികൾ | 1,00,000 |
| 16 | ദാരിദ്ര്യലഘൂകരണ പരിപാടികൾ തൊഴിലുറപ്പ് പദ്ധതി | 5,30,85,000 |
| 17 | വനിത ക്ഷേമപരിപാടികൾ | 3,50,000 |
| 18 | പട്ടികജാതി ക്ഷേമത്തിനുള്ള പരിപാടികൾ | 8,00,000 |
| 19 | പട്ടികവർഗ്ഗ ക്ഷേമത്തിനുള്ള പരിപാടികൾ | 2,30,000 |

| | | |
|---|---|---|
| 20 | മറ്റ് സാമൂഹ്യക്ഷേമ പരിപാടികൾ | 2,00,000 |
| 21 | പാലിയേറ്റീവ് കെയർ | 13,00,000 |
| 22 | ശിശുക്ഷേമം | 5,15,000 |
| 23 | അംഗൻവാടി പോഷകാഹാരപരിപാടി | 27,00,000 |
| 24 | അംഗൻവാടി അനുബന്ധസൌകര്യം | 25,50,000 |
| 25 | പദ്ധതി രൂപീകരണം | 3,50,000 |
| 26 | സദ്ഭരണം | 6,00,000 |
| 27 | കമ്പ്യൂട്ടർ വത്കരണം | 2,00,000 |
| 28 | തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും ഘടക സ്ഥാപനങ്ങളുടെയുംസേവന സൌകര്യങ്ങൾ വർദ്ധിപ്പിക്കൽ | 13,50,000 |
| 29 | ടൂറിസം പശ്ചാത്തല സൌകര്യങ്ങൾ ഹരിതീർത്ഥക്കര | 15,00,000 |
| | **ആകെ സേവനമേഖല** | **8,18,90,000** |
| | **പശ്ചാത്തല മേഖല** | |
| 1 | തെരുവ് വിളക്കുകൾ വാങ്ങലും സംരക്ഷണവും | 27,00,000 |
| 2 | വാഹന വാടക | 5,00,000 |
| 3 | പൊതുകെട്ടിടങ്ങൾ | 20,00,000 |
| 4 | റോഡുകൾ,റോഡ് ആസ്തികൾക്കുള്ള മെയിന്റനൻസ് | 3,72,86,000 |
| 5 | റോഡിതര ആസ്തികൾക്കുള്ള മെയിന്റനൻസ് | 34,84,859 |
| | **ആകെ** | **4,59,70,859** |
| | സാമൂഹ്യ സുരക്ഷിതത്വ പെൻഷൻ | 7,81,00,000 |
| | തനത് ഫണ്ടിൽ നിന്നുള്ള സംഭാവനകൾ | 5,00,000 |
| | **ആകെ ചെലവുകൾ** | **24,70,86,859** |
| | **നീക്കിയിരിപ്പ്** | **34,58,256** |
| | | |

| | | |
|---|---|---|
| | **2026 -27 വാർഷിക ബജറ്റ് സംഗ്രഹം** | |
| 1 | **പ്രാരംഭബാക്കി** | **1,51,05,115** |
| 2 | **തൻവർഷം വരവ്** | **23,54,40,000** |
| 3 | **ആകെ** | **25,05,45,115** |
| 4 | **ആകെ ചെലവുകൾ** | **24,70,86,859** |
| | **നീക്കിയിരിപ്പ്** | **34,58,256** |